**കേരള സർക്കാർ**

നമ്പർ.477/എഫ്1/2016/വനം

വനം വന്യജീവി (എഫ്) വകുപ്പ്
തിരുവനന്തപുരം,
തീയതി:21/04/2017

അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)
തിരുവനന്തപുരം.

സർ,

വിഷയം:- വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം -20 വർഷത്തിലധികം ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കിയവരെ സ്ഥിരപ്പെടുത്തിയത് - ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 06.11.2016-ലെ ഇ6 – 47730/2016 നമ്പർ കത്ത്.

സൂചനയിലേക്കു താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. വനം വകുപ്പിൽ 20 വർഷത്തിലേറെ തുടർച്ചയായി വിവിധ തസ്തികകളിൽ താത്ക്കാലികമായി ജോലിചെയ്തിരുന്ന ജീവനക്കാരെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച്കൊണ്ട് സ്ഥിരപ്പെടുത്തിയ 14/05/2015ലെ ജി ഒ(എം എസ്) 29/2015/വനം ഉത്തരവിൽ, ഉത്തരവ് തീയതി മുതൽ മാത്രമേ ഈ ജീവനക്കാർക്ക് സ്ഥിരം ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടാകുകയുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ ടിയാളുകളുടെ സർവ്വീസ് ക്രമീകരണം, പ്രൊബേഷൻ തുടങ്ങിയവ കണക്കാക്കുന്നതും ഉത്തരവ് തീയതി അടിസ്ഥാനമാക്കിയായിരിക്കും. ആയതിനാൽ ടി ആൾക്കാരുടെ ദിവസവേതന അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന കാലം കൂടി പരിഗണിച്ച് ആനുകൂല്യങ്ങൾ നൽകണമെന്ന താങ്കളുടെ ശുപാർശ പരിഗണിക്കാൻ നിർവ്വാഹമില്ലെന്നു അറിയിക്കുന്നു.

വിശ്വസ്തതയോടെ,
**NAZARUDEEN A**
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി

Validity unknown

Digitally signed by SAJEEVAN M K
Date: 2017.04.22 10:39:09 IST
Reason: Approved

Copy forwarded to APCCF (IT). You are requested to ~~for~~ publish the cover letter in the department website.

Sd/-

For APCCF (A)